# പതിമൂന്നാം കേരള നിയമസഭ
## (പതിനഞ്ചാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2007 07/12/2015-ൽ മറുപടിയ്ക്ക്**

**രാമന്തളി വലിയപറമ്പ് പാണ്ഡ്യാലക്കടവ് നടപ്പാലം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ. കുഞ്ഞിരാമൻ:** | **ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി):** |
| എ) വലിയപറമ്പ് ദ്വീപ് പഞ്ചായത്തിനെ രാമന്തളിയുമായി ബന്ധിപ്പിക്കുന്ന രാമന്തളി വലിയപറമ്പ പാണ്ട്യാലക്കടവ് നടപ്പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ഭരണാനുമതി നൽകിയിരുന്നുവെങ്കിലും റിവൈസഡ് ഭരണാനുമതി അനുവദിക്കാൻ കാലതാമസം വരുന്നതിന്റെ കാരണം വ്യക്തമാക്കാമോ? | എ) കാസർഗോഡ് ജില്ലയിലെ രാമന്തളി വലിയ പറമ്പ നടപ്പാലത്തിന്റെ നിർമ്മാണത്തിന് 750 ലക്ഷം രൂപയുടെ ഭരണാനുമതി നബാർഡ് RIDF XVI ൽ ഉൾപ്പെടുത്തി അനുവദിച്ചിരുന്നു. അതനു സരിച്ച് പ്രവൃത്തിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ച സാഹചര്യത്തിൽ സ്ഥലത്തെ ജനപ്രതിനിധികൾ നടപ്പാലത്തിനു പകരം ഒരു സിംഗിൾ ലെയിൻ പാലമാണ് ആവശ്യമെന്ന് അറിയിക്കുകയുണ്ടായി. അതനുസരിച്ച് സിംഗിൾ ലെയിൻ പാലത്തിനുള്ള 1210 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് നബാർഡിൽ സമർപ്പിച്ചു. എന്നാൽ RIDF XVIII, XIX, XX -എന്നിവയിൽ ഉൾപ്പെടുത്തി ഈ പദ്ധതിയ്ക്ക് അംഗീകാരം ലഭിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത പദ്ധതിയുടെ 22 കോടി രൂപ വരുന്ന പുതുക്കിയ പ്രൊപ്പോസൽ RIDF XXI- ൽ ഉൾപ്പെടുത്തി അംഗീകാരം നൽകുവാൻ കഴിയുമോ എന്ന കാര്യം പരിശോധിച്ച് വരുന്നു. |

**സെക്ഷൻ ആഫീസർ**